# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2367

## (12.06.2018 ലെ മറുപടിക്ക്)

## പഴയങ്ങാടി ട്രഷറിയുടെ കെട്ടിടനിർമ്മാണം

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ്**<br>**(ബഹു. എം.എൽ.എ)** | **ഡോ. റ്റി.എം. തോമസ് ഐസക്**<br>**(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | ട്രഷറി അടിസ്ഥാന സൗകര്യവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻകെൽ മുഖേന കെട്ടിടം നിർമ്മിക്കുന്നതിന് 16.07.2017ന് ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പഴയങ്ങാടി ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിന് ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള പുതിയ എസ്റ്റിമേറ്റ്, ഇൻകെൽ തയ്യാറാക്കി ടെക്നിക്കൽ കമ്മിറ്റിയുടെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പഴയങ്ങാടി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ തലത്തിലുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അനുസരിച്ചും ആദ്യം സമർപ്പിച്ച എസ്റ്റിമേറ്റിലെ ന്യൂനതകൾ പരിഹരിച്ചുകൊണ്ടുമുള്ള പുതുക്കിയ എസ്റ്റിമേറ്റ് 2018 ജൂൺ അവസാനത്തോടുകൂടി സമർപ്പിക്കുന്നതാണെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് സാങ്കേതിക അനുമതി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ട്രഷറിയുടെ കെട്ടിടനിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ സാങ്കേതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ